GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/06/2026

1. തിരുവനന്തപുരം: സംസ്ഥാനത്ത് തുടരുന്ന ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തത്സമയം വിലയിരുത്തുന്നതിനും ആവശ്യമായ ദുരന്തനിവാരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് എല്ലാ ജില്ലകളിലും പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നു. മഴ, വെള്ളപ്പൊക്കം, ശക്തമായ കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികളും വിവരങ്ങളും അതിവേഗം ബന്ധപ്പെട്ട കൃഷി ഓഫീസുകൾക്ക് കൈമാറി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും

ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കർഷകർക്ക് താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| ക്രമ.നം. | ജില്ലയുടെപേര് | ബന്ധപ്പെടേണ്ട നമ്പറുകൾ | | |
|---|---|---|---|---|
| | | **DD Credit** | **DD Credit Official** | **PAO Official** |
| 1 | തിരുവനന്തപുരം | **9447242977** | **9383470086** | **9383470700** |
| 2 | കൊല്ലം | **6238800810** | **9383470318** | **9383470770** |
| 3 | ആലപ്പുഴ | **9447789261** | **9383470561** | **9383471108** |
| 4 | കോട്ടയം i/c | **9447376143** | **9383470704** | **9383471300** |
| 5 | പത്തനംതിട്ട | **9496157485** | **9383470499** | **9383470900** |
| 6 | എറണാകുളം | **9497678634** | **9383471150** | **9383471500** |
| 7 | ഇടുക്കി | **9447222166** | **9383470821** | **9383471400** |
| 8 | തൃശ്ശൂർ | **9446360336** | **9383473242** | **9383471600** |
| 9 | പാലക്കാട് | **9447364599** | **9383471457** | **9383471700** |
| 10 | മലപ്പുറം | **9961235823** | **9383471618** | **9383471800** |
| 11 | കോഴിക്കോട് | **9656495737** | **9383471779** | **9383471900** |
| 12 | വയനാട് | **9895720558** | **9383471912** | **9383472442** |
| 13 | കണ്ണൂർ | **9619047251** | **9383472028** | **9383472300** |
| 14 | കാസർഗോഡ് | **9446461817** | **9383471961** | **9383472400** |

2. വെളിയം കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് പുരയിടങ്ങളിൽ പുതിയതായി എണ്ണപ്പന കൃഷി ചെയ്യാൻ താല്പര്യമുള്ള

കർഷകർ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് കൃഷിഭവന്റെ 9383470360 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള അഗ്രിക്കൾച്ചറല് യുണിവേഴ്സിറ്റിയിലെ വെള്ളാനിക്കര, തൃശ്ശൂരിലുള്ള ബയോടെക്നോളജി ഡിപ്പാർട്മെന്റിൽ (CPBMB, IT BT Complex) ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ വില്പനക്ക് ലഭ്യമാണ്. റോബസ്റ്റ തൈ ഒന്നിന് 25 രൂപ നിരക്കിലും, നെടുനേന്ത്രൻ തൈ ഒന്നിന് 40 രൂപ നിരക്കിലും രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ലഭ്യമാണ്. ഫോൺ നമ്പർ 9048178101, 0487-2438576.

4. മലമ്പുഴയിലെ നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കേര നെക്ക്ടർ നീര പാർലർ ആലുവ മെട്രോ സ്റ്റേഷനിൽ ആരംഭിച്ചു. ആയിരത്തിലധികം നാളികേര കർഷകർ അംഗങ്ങളായുള്ള മലമ്പുഴ ബ്ലോക്ക് നാളികേര ഉൽപാദക ഫെഡറേഷൻ ഉടമസ്ഥതയിൽ ആണ് പാർലർ പ്രവർത്തിക്കുന്നത്. ഫെഡറേഷൻ അംഗങ്ങളുടെ 300 തെങ്ങുകളിൽ നിന്ന് ശേഖരിക്കുന്ന നീരയാണ് ഈ ഔട്ട്ലറ്റിലൂടെ വിതരണം ചെയ്യുന്നത്. പ്രകൃതിദത്തവും പോഷകസമൃദ്ധവുമായ നീര എന്ന ആഗോള പാനീയത്തെ ജനങ്ങളിലെത്തിക്കുക എന്നതാണ് പാർലറിൻ്റെ ലക്ഷ്യം. കർഷക ഉൽപ്പാദന സംഘങ്ങളിലൂടെ

നാളികേര കർഷകരുടെ സംരംഭകത്വ വികസനം, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം, വിപണിയിൽ നേരിട്ടുള്ള ഇടപെടൽ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് നാളികേര വികസന ബോർഡിന്റെ ലക്ഷ്യം.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന എൻ എ ഡി സി പി, എഫ് എം ഡി സി പി എട്ടാം ഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ ബിന്ദു കൃഷ്ണ ഈ മാസം 17 ന് (17/06/2026) രാവിലെ 8:30 ന് ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിങ് സെൻ്റർ, കുടപ്പനക്കുന്നിൽ വച്ച് നിർവ്വഹിക്കും. ഇതോടനുബന്ധിച്ച് കുളമ്പുരോഗം, ഭാരത് പശുദ്ധൻ പോർട്ടൽ എൻട്രി എന്നിവയെക്കുറിച്ച് കർഷകർക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വേണ്ടി പരിശീലനപരിപാടിയും സംഘടിപ്പിക്കുന്നു.

6. റബ്ബർതോട്ടങ്ങളിൽനിന്ന് ശേഖരിക്കുന്ന ഒട്ടുപാലിന് പരമാവധി വില ലഭിക്കാൻ അവ സംഭരിച്ച് സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെൻ്ററിൽ വിളിക്കാം. ഇത് സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ (12.06.2026) 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡുകമ്പനിയായ കവണാർ

ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി. ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

7. സബ് സിഡി വളം വിതരണ സംവിധാനം കൂടുതൽ സുതാര്യവും, ചിട്ടയായതും, കർഷക കേന്ദ്രീകൃതവും, ആവശ്യാനുസൃതമുള്ളതുമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് ഫെർട്ടിലൈസർസും ഡിപ്പാർട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫെയർസും സംയുക്തമായി **ഫ്രെയിംവർക് ഫോർ ഫെർട്ടിലൈസർ സെയിൽസ്** (FFS) എന്ന പേരിൽ പുതിയ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രത്യേക FFS ആപ്പിലൂടെ ലഭ്യമാകുന്ന QR കോഡ് /ടോക്കൺ മുഖേന കർഷകർക്ക് വളം വാങ്ങാവുന്നതാണ്. പയലറ്റ് അടിസ്ഥാനത്തിൽ കേരളത്തിൽ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ 15-06-2026 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കർഷകരും വളം ചില്ലറ വില്പനക്കാരും അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

8. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഈ ലേണിങ് 2026 ജൂലൈ 13 മുതൽ 17 വരെ നടത്തുന്ന **ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയർ** (GIS BASICS IN QGIS SOFTWARE) അഞ്ചുദിവസത്തെ ഓൺലൈൻ ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2026 ജൂലൈ 10. കോഴ്സ് ഫീസ് 1000/- രൂപ. വിശദ വിവരങ്ങൾക്ക് www.celkau.in, ഫോൺ നമ്പർ -0487-2438567,9495943875, 9895776730.